"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കൊല്ലം ജില്ലാ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അധികചുമതല കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്ക് നൽകിയ കൊല്ലം ജില്ലാ കളക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1579/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 25.07.2019.**

പരാമർശം: 1) കൊല്ലം ജില്ലാ കളക്ടറുടെ 30.08.2013-ലെ ഇ2/2295/2011 നമ്പർ കത്ത്

2) ഗ്രാമവികസന കമ്മീഷണറുടെ 05.05.2015-ലെ 3539/എസ്റ്റാ.എ1/2014/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലാ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ ആയിരുന്ന ശ്രീ.ഇ.ശ്രീകുമാറിന് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ, 02.09.2013 മുതൽ 29.01.2014 വരെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അധികചുമതല, കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ആയ ശ്രീ.ഡി.ജോൺസന് ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം നല്കിയതായും ടിയാന് പ്രസ്തുത കാലയളവിലേക്ക് അധികചുമതലാബത്ത അനുവദിക്കണമെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലാ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർക്ക് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ, ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ അധികചുമതല കൊല്ലം ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ ആയ ശ്രീ.ഡി.ജോൺസന് നൽകിയ കൊല്ലം ജില്ലാ കളക്ടറുടെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**ജയശ്രീ എം.**

**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.ഡി.ജോൺസൺ, ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, കൊല്ലം

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.